പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 434 06.03.2012-ൽ മറുപടിയ്ക്ക്

ബഡ്ജറ്റ് തുകയുടെ ചെലവുവിവരം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. സദാശിവൻ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഊർജ്ജവകുപ്പു മന്ത്രിയുടെ കീഴിലുള്ള വകുപ്പുകളിൽ ഓരോന്നിലും കഴിഞ്ഞ ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുകയിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലുമായി ഇതിനകം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ ഹെഡ്ഡുകളിൽ ഇതുവരെ തുകയൊന്നുംതന്നെ ചെലവഴിക്കേണ്ടിവന്നിട്ടില്ലാത്തവ ഏതൊക്കെയാണെന്നു വിശദമാക്കുമോ ? | (ബി) ലോക ബാങ്ക് സഹായത്തോടെയുള്ള ഡാം റീഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമിനുമായി 6801-00-190-86 എന്ന അക്കൗണ്ട് ഹെഡിൽ കെ. എസ്. ഇ. ബിക്ക് 2011-12-ലെ ബഡ്ജറ്റിൽ 36 കോടി വകയിരുത്തിയിട്ടുണ്ടെങ്കിലും ലോക ബാങ്കിൽ നിന്നുള്ള ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ, ഈ ഇനത്തിൽ തുക ചെലവഴിച്ചിട്ടില്ല.<br>എനർജി മാനേജ്മെന്റ് സെൻററിന് 2011-12 ലെ (Oct 2011) സപ്ലിമെൻററി ഡിമാൻറിൽ ഉൾപ്പെടുത്തി സർക്കാരിൻെറ ഒരു വർഷത്തെ പദ്ധതികൾക്കായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുകയ്ക്കുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഭരണാനുമതി നൽകിയ തിനു ശേഷം തുക ചെലവഴിക്കു ന്നതാണ്.<br>ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന് അനുവദിച്ച തുകയിൽ 2045 |

(നോൺ പ്ളാൻ) മേജർ ഹെഡ്ഡിൽപ്പെട്ട വിവിധ ചെലവുകളിലായി വകയിരുത്തിയ 3.56 ലക്ഷം രൂപ 31-03-2012 നു മുൻപായി ചെലവഴിക്കാൻ സാധിക്കുമെന്ന് കണക്കാക്കുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം



| ക്രമ നമ്പർ | വകുപ്പ്/ സ്ഥാപനം | | ഹെഡ് ഓഫ് അക്കൗണ്ട്/ വകയിനം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവായ തുക |
|---|---|---|---|---|---|
| 1. | ഇലക്ട്രിക്കൽ ഇൻസ്പെക് ടറേറ്റ് | പ്ലാൻ | 2810-00-800-94 മീറ്ററിന്റെ നിലവാരം പരിശോധിക്കുന്ന ലബോറട്ടറി ആധുനീ കരിക്കൽ. | 130 | 10.42 |
| | | നോൺ പ്ലാൻ | മേജർ ഹെഡ് 2045 ക്രയവസ്തുക്കളിലും സേവനങ്ങളിലും ചുമത്തുന്ന മറ്റു നി കുതികളും ചുങ്കങ്ങളും. | 1631.52 | 1403.7 |
| 2. | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ | നോൺ പ്ലാൻ (ഗ്രാൻഡ് ഇൻ എയ്ഡ്) | 2801-80-800-99-31 സാലറീസ് | 57.5 | 81.81* |
| | | | 2801-80-800-99-36 നോൺ സാലറീസ് | 24.63 | 41.73* |
| 3. | കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പ്ലാൻ | 6801-00-190-86 ഡാം റീഹാബിലിറ്റേ ഷൻ & ഇംപ്രൂവ് മെൻറ് പ്രോഗ്രാം. (വിദേശ സഹായ പദ്ധതി). | 3600 | Nil |
| 4. | എനർജി മാനേ ജ്മെൻറ് സെൻറർ | പ്ലാൻ | 2810-00-80-93 2011 ഒക്ടോബറിലെ ഉപധനാഭ്യർത്ഥന പ്രകാരം അനുവദിച്ച തുക ഉൾപ്പെടെ | 2620 | 17.13 |
| | | നോൺ പ്ലാൻ | 2810-00-80-93 | 43.11 | 43.11 |
| 5. | അനെർട്ട് | പ്ലാൻ & നോൺ പ്ലാൻ | 2810-00-800 | 5235.26 | 600.76 |

* തനത് ഫണ്ടിൽ നിന്നുള്ള തുക ഉൾപ്പെടെ

സെക്ഷൻ ഓഫീസർ